## പത്രക്കുറിപ്പ്

# വനിതാ ഡോക്ടറെ ഉറക്കഗുളിക കൊടുത്ത് മയക്കി സ്വർണ്ണവും പണവും കവർന്ന വീട്ടുജോലിക്കാരി പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 40 പേർക്കെതിരെ നിയമനടപടി 10,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വനിതാ ഡോക്ടർക്ക് ഉറക്കഗുളിക കൊടുത്ത് മയക്കി കിടത്തി സ്വർണ്ണവും പണവും കവർച്ച നടത്തിയ വീട്ടുജോലിക്കാരിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. പത്തനംതിട്ട വാളിക്കോട് നെടിയപുരം കമ്മഞ്ചേരിൽ വീട്ടിൽ രഞ്ജന തോമസ് (44)-നെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 12-നാണ് സംഭവം നടന്നത്. ഉള്ളൂരിൽ താമസിക്കുന്ന വനിതാ ഡോക്ടറുടെ വീട്ടിൽ ഹോംനേഴ്സായും, വീട്ടുജോലികളും ചെയ്തു വരികയായിരുന്ന പ്രതി പകൽ 11.00 മണിയോടുകൂടി ഡോക്ടർക്ക് കുടിക്കാൻ കൊടുത്ത ചായയിൽ ഉറക്കഗുളികകൾ കലക്കി നൽകുകയും ഡോക്ടർ ഗാഢമായി മയങ്ങിയ സമയം വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന ഒരു പവൻ തൂക്കം വരുന്ന സ്വർണ്ണവളയും 1500/- രൂപയും മോഷ്ടിച്ചെടുത്ത് കടന്നു കളയുകയായിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ അന്വേഷണത്തിൽ കഴിഞ്ഞ ദിവസം ജവഹർ നഗറിലെ വാടകവീട്ടിൽ നിന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ബിനുവർഗ്ഗീസ്, എസ്.ഐ ജയശങ്കർ, എസ്.സി.പി.ഒ-മാരായ ജ്യോതി.കെ.നായർ, നൌഫൽ റഫീഖ്, മെറ്റിൽഡ, അരുൺ, രജിത എന്നിവരടങ്ങിയ പോലീസ്

സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. മോഷ്ടിച്ചെടുത്ത സ്വർണ്ണം പ്രതി പണയം വച്ച സ്ഥാപനത്തിൽ നിന്നും പോലീസ് കണ്ടെടുത്തിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (15-03-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 40 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 18 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 20 പേരിൽ നിന്നും 10,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
15-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി